# 2025-26

# ACADEMIC MASTER PLAN




# SNDPY HSS NEERAVIL

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | :കൊല്ലം |
| സ്കൂൾ കോഡ് | :41071 |
| സ്കൂളിന്റെ പേര് | : SNDPY HSS NEERAVIL |
| ഫോൺ നമ്പർ | :+91 94006 72890 |
| ഇ-മെയിൽ അഡ്രസ്സ് | :41071kollam1@gmail.com |
| സബ്ജില്ല | :കൊല്ലം |
| ക്ലാസുകൾ | :5 മുതൽ 12 വരെ |
| മാനേജ്മെന്റ് | :എയ്ഡഡ് |
| പഠന മാധ്യമം | :ഇംഗ്ലീഷ്, മലയാളം |

# സമർപ്പണം

പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുവാൻ കേരള സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിക്ക് പൊതുവിദ്യാലയങ്ങളെ ഉണർവിന്റെ പാതയിൽ എത്തിക്കാൻ കഴിയുമെന്നതിൽ സംശയമില്ല. കേരളത്തിലെ പകുതിയോളം വരുന്ന പൊതു വിദ്യാലയങ്ങൾ എയ്ഡഡ് മേഖലയിലാണ്. അതിനാൽ എയ്ഡഡ് വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന തിനും അക്കാദമിക നിലവാരം ഉയർത്തി പുതു സമൂഹത്തിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിക്ക് കഴിയുമെന്ന് പ്രത്യാശിക്കാം. പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുക ശക്തിപ്പെടുത്തുക വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ ഫലപ്തിയിൽ എത്തിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ വി ശിവൻകുട്ടിക്ക് ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. വിദ്യാലയ വികസന ശില്പശാല ഏകദിന വികസന സെമിനാർ തുടങ്ങിയ വിവിധ തലങ്ങളിൽ നടന്ന ചർച്ചയിലൂടെ സമ്പുഷ്ടമാക്കപ്പെട്ടതാണ് ഞങ്ങളുടെ സ്കൂളിന്റെ സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി രേഖ. വിദ്യാലയ വികസന രേഖയിലെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെയും ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും സഹായത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശ്വാസത്തോടെ സമർപ്പിക്കുന്നു.

വിദ്യാലയ വികസന സമിതി
എസ്.എൻ.ഡി.പി.വൈ എച്ച്.എസ്.എസ് നീരാവിൽ

# ആമുഖം

കൊല്ലം ജില്ലയുടെ സാംസ്കാരികസിരാകേന്ദ്രമായ നീരാവിൽ പ്രദേശത്ത് തലയെടുപ്പോടെ നിലകൊള്ളുന്ന സ്ഥാപനമാണ് നീരാവിൽ SNDP യോഗം ഹയർസെക്കൻഡറി സ്കൂൾ. 1922 ൽ എസ്എൻഡിപി യോഗത്തിന്റെ ആദ്യ സെക്രട്ടറിയും മഹാകവിയുമായിരുന്ന ശ്രീകുമാരനാശാന്റെയും കേരളത്തിലെ സാമൂഹിക പരിഷ്കർത്താവുമായിരുന്ന ശ്രീ ചട്ടമ്പിസ്വാമികളുടെയും സാന്നിധ്യത്തിൽ ലോകാചാര്യനും കേരളത്തിന്റെ പ്രമുഖ സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ശ്രീനാരായണഗുരുദേവന്റെ തൃക്കരങ്ങളാൽ തുറക്കപ്പെടുകയും പൊതുജന നന്മയ്ക്കായി സമൂഹത്തിന് സമർപ്പിക്കുകയും ചെയ്തു.

ഗുരുദേവന്റെ പ്രാഥസ്മരണീയരായ ഗൃഹസ്ഥ ശിഷ്യന്മാരിൽ പ്രധാനിയായ കൊച്ചുപറമ്പിൽ ശ്രീ കേശവൻ മുതലാളിയാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. സർക്കാർ സ്കൂൾ അയിത്താചാരം മൂലം അധസ്ഥിത സമുദായങ്ങൾക്ക് ബാലികാരാ മലയായിരുന്ന ഒരു കാലഘട്ടത്തിൽ സ്വന്തമായി എഴുത്തും വായനയും അഭിസിച്ചിട്ടില്ലാത്ത ശ്രീ കേശവൻ മുതലാളി തന്റെ ദൗർഭാഗ്യം അടുത്ത തലമുറയ്ക്ക് വരാതിരിക്കട്ടെ എന്ന ലക്ഷ്യത്തോടെ സമുദായ വകയായി ഇങ്ങനെയൊരു സ്കൂൾ ആരംഭിക്കുകയും സ്കൂളിന് തെക്കുഭാഗത്തായി റോഡരികിൽ ഒരു ഗുരുമന്ദിരവും സ്കൂളിന് തൊട്ടടുത്തായി ഒരു വായനശാലയും ആരംഭിച്ചു.

1922-മണ്ടു ജൂലൈ മാസം നാലാം തീയതിയാണ് ഉദ്ഘാടന കർമ്മം നടന്നത്. ഉദ്ഘാടകനായിരുന്ന ശ്രീനാരായണഗുരുവിനെ കാണുവാൻ വിദ്യാധിരാജ ചട്ടമ്പിസ്വാമികളും എത്തിയിരുന്നു. മഹാകവി കുമാരനാശാൻ ആയിരുന്നു ഉദ്ഘാടന കർമ്മത്തിന്റെ അധ്യക്ഷൻ. അങ്ങനെ നീരാവിൽ എന്ന ഗ്രാമപ്രദേശത്തെ വിദ്യാലയങ്കണം സംഗമത്തിന് വേദിയായി. പിന്നീട് സ്കൂളും സ്ഥലവും എസ്എൻഡിപി യോഗത്തിന് വിട്ടുകൊടുത്തു.

ശ്രീനാരായണ ഗുരുദേവന്റെ തൃക്കരങ്ങളാൽ തുറക്കപ്പെട്ട സ്കൂളിന് അതിന്റെ എല്ലാ നന്മകളും ഉണ്ട്. സമൂഹത്തിലെ പാവപ്പെട്ടവർക്കും പിന്നോക്ക സമുദായത്തിൽ നിൽക്കുന്നവർക്കും എന്നും വിദ്യാലയം ഒരു ആശ്രയമാണ്. മത്സ്യത്തൊഴിലാളികളും കശുവണ്ടി തൊഴിലാളികളും കയർ തൊഴിലാളികളും ഈ പ്രദേശത്ത് അധിവസിക്കുന്നു.

കാലഘട്ടത്തിന്റെയും സമൂഹത്തിന്റെയും മുന്നോട്ടുള്ള പ്രയാണത്തിനനുസരിച്ച് സ്കൂളും കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങളുമെല്ലാം ആ മാറ്റത്തിന്റെ ഭാഗമാണ്. 1992 ൽ തുറക്കപ്പെട്ട നീരാവിൽ സ്കൂളിൽ അന്ന് യുപി വിഭാഗം മാത്രമാണ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് എച്ച് എസ് വിഭാഗവും 1998 ൽ ഹയർസെക്കൻഡറി വിഭാഗത്തിലായി രണ്ട് സയൻസ് ഒരു ഹ്യൂമാനിറ്റീസ്

ബാച്ചുകളും ആരംഭിച്ചു. 1999 മറ്റൊരു സയൻസ് ബാച്ചും രണ്ടായിരത്തിൽ ഓരോ കൊമേഴ്സ് കമ്പ്യൂട്ടർ സയൻസ് ബാച്ചുകളും 2011 ൽ മറ്റൊരു കമ്പ്യൂട്ടർ സയൻസ് ബാച്ചും അനുവദിച്ചു. തുടർന്നുവന്ന അനംഗീകൃത സ്കൂളുകളുടെ അതിപ്രസരം മൂലം ഇന്നീ വിദ്യാലയത്തിൽ യുപി വിഭാഗത്തിൽ 7 ഡിവിഷനുകളും എച്ച് എസ് വിഭാഗത്തിൽ 13 ഡിവിഷനുകളും മാത്രമേ ഉള്ളൂ. ഹയർസെക്കൻഡറി തലത്തിൽ മൂന്നു ബയോളജി രണ്ട് കമ്പ്യൂട്ടർ സയൻസ് ഓരോ കൊമേഴ്സ് ഹ്യൂമാനിറ്റിസ് ബാച്ചുകളും നടക്കുന്നു. യുപി എച്ച് എസ് വിഭാഗങ്ങളിലായി 591 കുട്ടികളും 30 സ്റ്റാഫുകളും എച്ച്എസ്എസ് വിഭാഗത്തിൽ 710 കുട്ടികളും 29 അധ്യാപക അനധ്യാപകരും ഉണ്ട്.

തികഞ്ഞ അച്ചടക്കത്തോടും സാമൂഹിക പ്രതിബദ്ധതയോടുമുള്ള യുവതലമുറയെ വളർത്തെടുക്കുവാൻ പ്രാപ്തിയുള്ള അധ്യാപകരും ശക്തമായ പി ടി എയും ഏത് വിഷയത്തിലും നിറസാന്നിധ്യമായ മാനേജ്മെന്റും സ്കൂൾ പ്രവർത്തനങ്ങളിൽ പൂർണ സഹകരണം നൽകുന്ന പ്രാദേശികവാസികളും നീരാവിൽ സ്കൂളിനെ മറ്റു സ്കൂളുകളിൽ നിന്നും വ്യത്യസ്തമാക്കുന്നു. സ്കൂളിന് ചുറ്റുമുള്ള പൊതു സമൂഹമായും രക്ഷകർത്താ സമൂഹമായും സ്കൂൾ എന്നും ഇഴയെടുപ്പമുള്ള ബന്ധം പുലർത്തി പോരുന്നു. അങ്ങനെ ഈ പ്രദേശത്തെ വിദ്യാഭ്യാസ സാംസ്കാരിക ഉന്നമനത്തിന് ഒരു മാർഗമായി നിലകൊള്ളാൻ ഈ സരസ്വതി ക്ഷേത്രത്തിന് കഴിയുന്നുണ്ട്.

തികഞ്ഞ ആത്മാർത്ഥതയോടും അർപ്പണബോധത്തോടും പ്രവർത്തിക്കുന്ന അധ്യാപകരുടെ കൂട്ടായ്മയാൽ സ്കൂളിന്റെ വിജയശതമാനം നൂറുമേനി ആക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2024 ൽ എസ്എസ്എൽസി പരീക്ഷയിൽ എല്ലാ കുട്ടികളും വിജയിക്കുകയും 18 കുട്ടികൾക്ക് എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടാനും സാധിച്ചു. 1995 മുതൽ എസ്എൻഡിപി യോഗം ട്രസ്റ്റ് എന്നിവയുടെ ജനറൽ സെക്രട്ടറി സ്ഥാനം അലങ്കരിക്കുന്ന സ്ത്രീ വെള്ളാപ്പള്ളി നടേശൻ അവർകളാണ് നമ്മുടെ ഈ സ്കൂളിന്റെ കോർപ്പറേറ്റ് മാനേജർ.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട വികസന ലക്ഷ്യങ്ങൾ

**ഭാഷാ-സാഹിത്യ വികസനം**

1 ലാംഗ്വേജ് ലാബുകൾ - ഭാഷാശൈലി, സംവാദപരിശീലനം

2 വായനാ പ്രോത്സാഹനം - ക്ലാസ് ലൈബ്രറി, നൈറ്റ് റീഡിംഗ്, “ഒരു കുട്ടിക്ക് ഒരു പുസ്തകം” പദ്ധതി

3 പത്രം & പത്ര ക്വിസ് - വാർത്തകൾ വായിക്കുകയും വിഷയപരിധി വിപുലീകരിക്കുകയും

4 കുട്ടി അധ്യാപകൻ - അറിവ് പങ്കുവയ്ക്കാനുള്ള സാന്ദ്രവേദി

5 പിയർ ഗ്രൂപ്പ് ടീച്ചിങ് - കൂട്ടുകാർ തമ്മിലുള്ള സഹപാഠന ശ്രമങ്ങൾ

6 മോറൽ ക്ലാസുകൾ - മൂല്യബോധം, സാമൂഹിക ഉത്തരവാദിത്വം

**ബുദ്ധികൗശല-പഠന പുരോഗതി**

7 പഠനയാത്രകൾ - അനുഭവപരിചയപരമായ പഠനം

8 സ്കോളർഷിപ്പുകൾ - ഉന്നത വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

9 എസ്.ആർ.ജി (School Resource Group) പരിശീലനങ്ങൾ - അധ്യാപക വികസനം

10 ക്ലാസ്സ് ടെസ്റ്റുകൾ, ഹോം അസൈൻമെന്റ് റൂമുകൾ - വിദ്യാഭ്യാസ നിയന്ത്രണ സംവിധാനങ്ങൾ

11 പഠനമൂല്യനിർണ്ണയം & ഫീഡ്ബാക്ക് സിസ്റ്റം - തുടർച്ചയായ പുരോഗതി വിലയിരുത്തൽ

**ശാസ്ത്ര - ഗണിത - ഐ.ടി മേഖല**

12 ശാസ്ത്ര, ഗണിത, ഐ.ടി ലാബുകളുടെ നവീകരണം

13 ഗണിത പാർക്ക് - പ്രായോഗിക ഗണിതം പഠിക്കാൻ

14 ഗണിത ചാർട്ടുകൾ, മോഡലുകൾ - കാഴ്ചയും കൃത്യതയും

15 ശാസ്ത്ര-ഗണിത മാസികകൾ - അറിവ് വികസനത്തിനും രുചി ഉണർത്താനും

16 പ്രായോഗിക ക്ലാസുകൾ - ഹാൻഡ്സ്-ഓൺ അനുഭവം

**കലാ-കായിക വികസനം**

17 കലാകായികം - ക്ലബ് അടിസ്ഥാനത്തിലുള്ള പരിശീലനങ്ങൾ

18 പ്രവൃത്തിപരിചയമേള - തൊട്ടു മനസ്സിലാക്കുന്ന പഠനം

19 കലാമികവ് ആദരിക്കൽ - പ്രകടനം കണക്കാക്കി അംഗീകരിക്കൽ

20 എജ്യു ഫെസ്റ്റ് - ശൈക്ഷണിക-സാംസ്കാരിക സംഗമം

21 സ്കൂൾ ദിനം, ചിത്രമേള, എഴുത്തുമേള - ക്ഷമയും ആത്മവിശ്വാസവും വളർത്തുന്ന വേദികൾ

**ശുചിത്വം - പരിസ്ഥിതി - സംരക്ഷണം**

22 ക്ലീൻ കാമ്പസ് - കുട്ടികളിൽ ശുചിത്വ ബോധം

23 ഗ്രീൻ കാമ്പസ് - സസ്യസൗഹൃദ പ്രവർത്തനങ്ങൾ
24 പ്ലാസ്റ്റിക് വിമുക്ത സംരംഭങ്ങൾ
25 ജൈവവൈവിധ്യ കാഴ്ചവേദികൾ - കുട്ടികളിലൂടെ പരിസ്ഥിതി സംരക്ഷണം

**ഡിജിറ്റൽ അധിഷ്ഠിത നവീകരണങ്ങൾ**

26 സ്കൂൾ വിക്കി - ഓരോ പ്രവർത്തനവും ഡിജിറ്റലായി രേഖപ്പെടുത്തൽ
27 ക്ലാസ് ബ്ലോഗ്/ പോർട്ടൽ - കുട്ടികളുടെ രചനാസാമർഥ്യത്തിനൊരു വേദി
28 ഓൺലൈൻ ക്വിസ്, ഡിജിറ്റൽ പരീക്ഷണങ്ങൾ
29 ഇൻററാക്ടീവ് ക്ലാസ്സ് റൂം ആപ്പുകൾ ഉപയോഗിക്കൽ (Kahoot, Google Classroom മുതലായവ)

# HS SECTION

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (SOCIAL SCIENCE)

1. ലക്ഷ്യം:
പഠിതാക്കളിൽ ചരിത്രബോധം വളർത്തുക, ചരിത്രബോധം അടിസ്ഥാനമാക്കി ഭാവി ദൃഷ്ടിപഥം രൂപപ്പെടുത്തുക.

പ്രവർത്തനങ്ങൾ:
കാടും മേടും - ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുകയും, അവയുടെ സാമൂഹ്യ-ആര്ത്ഥിക പ്രസക്തികളെ കുറിച്ച് പഠിക്കുകയും ചെയ്യുന്നു.
കാലക്രമം:
അക്കാദമിക വർഷം മുഴുവൻ, നിശ്ചിത തീയതികളിൽ.
ചുമതല:
സാമൂഹ്യശാസ്ത്ര അധ്യാപകർ.
സാമ്പത്തിക വിശകലനം:
പി.ടിഎ, മാനേജ്മെന്റ്, വിദ്യാർത്ഥികളുടെ സുമനസ്സുകൾ എന്നിവയുടെ സഹായം.

2. ലക്ഷ്യം:
ജനാധിപത്യത്തെ ജീവിതശൈലിയായി സ്വീകരിച്ച് പൗരബോധവും മൂല്യബോധവും വളർത്തുക.

പ്രവർത്തനങ്ങൾ:
വയൽ കിളികൾ - സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ കുറവുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക മോഡ്യൂളുകൾ രൂപപ്പെടുത്തി, അനുബന്ധ ട്രിപ്പുകൾ, ഗണ്യന്മാരുമായുള്ള സംവാദങ്ങൾ.
ഒന്നായി നമ്മൾ - സ്കൂൾ പാർലമെന്റ്, പൗരബോധ പ്രവർത്തനങ്ങൾ, സാമൂഹ്യസേവന പദ്ധതികൾ.
കാലക്രമം:
അക്കാദമിക വർഷം മുഴുവൻ, നിശ്ചിത തീയതികളിൽ.
ചുമതല:
സാമൂഹ്യശാസ്ത്ര അധ്യാപകർ.
സാമ്പത്തിക വിശകലനം:
സ്കൂൾ മാനേജ്മെന്റ്, പി.ടിഎ, വിദ്യാർത്ഥികളുടെ സുമനസ്സുകൾ.

3. ലക്ഷ്യം:
സാമൂഹ്യശാസ്ത്ര പഠനത്തിൽ പരീക്ഷണ-നിരീക്ഷണ ശീലങ്ങൾ വളർത്തുക.

പ്രവൃത്തികൾ:
സാമൂഹ്യശാസ്ത്ര ലാബ് - വിവിധ ഭൗഗോളിക, സാമൂഹിക, ആധുനിക ഡാറ്റകളുടെ വിശകലനത്തിനായി ലാബ് സജ്ജീകരിക്കുന്നു.
കാലക്രമം:
അക്കാദമിക വർഷം മുഴുവൻ.
ചുമതല:
സാമൂഹ്യശാസ്ത്ര അധ്യാപകർ.
സാമ്പത്തിക വിശകലനം:
പി.ടിഎ, മാനേജ്മെന്റ്, സ്പോൺസർഷിപ്പ് സാധ്യതകൾ.

4. ലക്ഷ്യം:
മതേതരത്വം, സഹിഷ്ണുത, സാമൂഹിക ഉത്തരവാദിത്വം എന്നിവയുടെ ബോധം വളർത്തുക.

പ്രവൃത്തികൾ:
ആകാശ കാഴ്ചകൾ - കൗതുകം ഉണർത്തുന്ന പ്രദർശനങ്ങൾ,
സംവാദങ്ങൾ - സർവേ, ചർച്ച, അഭിമുഖ ക്ലാസുകൾ വഴി സമൂഹത്തിലെ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുന്നു.
കാലക്രമം:
അക്കാദമിക വർഷം മുഴുവൻ.
ചുമതല:
സാമൂഹ്യശാസ്ത്ര അധ്യാപകർ.
സാമ്പത്തിക വിശകലനം:
പി.ടിഎ, മാനേജ്മെന്റ്, സാമൂഹിക സേവന സംഘടനകൾ.

# ജീവശാസ്ത്രം അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

1. അത്ഭുത കണ്ണിലൂടെ ശാസ്ത്രത്തിൽ കൗതുകം വളർത്തുക

ലക്ഷ്യം:
ജിജ്ഞാസ, നിരീക്ഷണപാടവം, ശാസ്ത്രീയ ദൃഷ്ടികോണം എന്നിവ വളർത്തുക.

പ്രവർത്തനങ്ങൾ:

- മോഡൽ നിർമ്മാണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി കുട്ടികളിൽനിന്ന് മോഡലുകൾ തയ്യാറാക്കിക്കൽ.
- ക്ലാസുകളിൽ ലഘു പ്രോജക്ടുകൾ നൽകി മികച്ചവ സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കൽ.

കാലക്രമം:
ആകെ അക്കാദമിക വർഷം.
ചുമതല:
ബയോളജി അധ്യാപകർ.
സാമ്പത്തിക പിന്തുണ:
പി.ടി.എ, ബയോളജി അധ്യാപകർ, സയൻസ് ക്ലബ്.

2. ശാസ്ത്രാന്വേഷണം പ്രോത്സാഹിപ്പിക്കൽ
ലക്ഷ്യം:
ശാസ്ത്രലോകത്തേക്ക് ആഴത്തിലുള്ള അന്വേഷണ മനോഭാവം വളർത്തുക. ലഭിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക.

പ്രവർത്തനം:
വർഷത്തിൽ ഒരിക്കൽ ശാസ്ത്രീയ വസ്തുക്കളുടെ പ്രദർശനം സംഘടിപ്പിക്കൽ.
കാലക്രമം:
അക്കാദമിക വർഷത്തിൽ ഒരിക്കൽ.
ചുമതല:
സയൻസ് അധ്യാപകർ.
സാമ്പത്തിക പിന്തുണ:

സയൻസ് അധ്യാപകർ.

3. ജൈവവൈവിധ്യ പഠനം - നേച്ചർ ക്യാമ്പ്
ലക്ഷ്യം:
ജൈവവൈവിധ്യത്തെ തിരിച്ചറിയുക.
സസ്യ-ജന്തു ജാലങ്ങളെ നേരിട്ട് നിരീക്ഷിക്കാനായി സാധ്യത സൃഷ്ടിക്കൽ.

പ്രവർത്തനം:
തെന്മലയിലെ പരിസ്ഥിതിയും ജൈവവൈവിധ്യവും പരിചയപ്പെടുത്തുന്ന നേച്ചർ ക്യാമ്പ്.
കാലക്രമം:
വർഷത്തിൽ ഒരിക്കൽ.
ചുമതല:
സയൻസ് അധ്യാപകർ.
സാമ്പത്തിക പിന്തുണ:
പി.ടി.എ, സയൻസ് ക്ലബ്, എക്കോ ക്ലബ്.

4. മാലിന്യ സംസ്കാരത്തിൽ പങ്കാളിത്തം
ലക്ഷ്യം:
- മാലിന്യങ്ങളെ തരം തിരിച്ചറിയുക.
- അജൈവ മാലിന്യങ്ങൾ പ്രകൃതിക്ക് ഉണ്ടാക്കുന്ന ദോഷങ്ങൾ മനസ്സിലാക്കി വേണ്ട വിധത്തിൽ സംസ്കരിക്കൽ.

പ്രവർത്തനങ്ങൾ:
- ക്ലാസ് റൂമുകളിൽ ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കൽ.
- അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേനയ്ക്ക് കൈമാറൽ.
- ജൈവമാലിന്യങ്ങൾ സ്കൂളിൽ തന്നെ സംസ്കരിക്കൽ.

കാലക്രമം:
മുഴുവൻ അക്കാദമിക വർഷം.
ചുമതല:
എല്ലാ ക്ലാസ് കുട്ടികളും, ഗ്രീൻ അംബാസഡർമാർ.
സാമ്പത്തിക പിന്തുണ:
ക്ലാസ് അധ്യാപകർ.

5. ലഹരി വിരുദ്ധ ബോധവൽക്കരണം - "നേർവഴി"
ലക്ഷ്യം:

- ലഹരിയുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കാൻ സഹായിക്കുക.
- കുട്ടികളെ ലഹരി ഉപയോഗത്തിൽ നിന്നു വിട്ടുനിർത്താനുള്ള മുറവേറിയ മനോഭാവം വളർത്തുക.

പ്രവർത്തനങ്ങൾ:

- 5 മുതൽ 10 ക്ലാസ് വരെയുള്ള കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ.
- ലഹരിയുടെ ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന വീഡിയോ പ്രദർശനം.

കാലക്രമം:
ഓരോ മാസത്തിലും ഒരുദിവസം.
ചുമതല:
വിമുക്തി ക്ലബ്, കായിക അധ്യാപകൻ, ബയോളജി അധ്യാപകർ.
സാമ്പത്തിക പിന്തുണ:
പി.ടി.എ.

6. "ജൈവം - ജീവനം": വിഷരഹിത പച്ചക്കറി കൃഷി
ലക്ഷ്യം:

- വിഷരഹിത പച്ചക്കറി കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കുക.
- ഭക്ഷ്യസുരക്ഷയും പ്രകൃതിസ്നേഹവും വളർത്തുക.

പ്രവൃത്തികൾ:
സ്കൂൾ പരിസരത്ത് പച്ചക്കറി കൃഷി നടത്തി പരിപാലിക്കുകയും വിളവെടുക്കുകയും ചെയ്യുന്നു.
കാലക്രമം:
മുഴുവൻ അക്കാദമിക വർഷം.
ചുമതല:
സയൻസ് ക്ലബ്, എക്കോ ക്ലബ് അധ്യാപകർ.
സാമ്പത്തിക പിന്തുണ:
അധ്യാപകർ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (HINDI)

കാലാവധി: ജൂൺ മുതൽ ഫെബ്രുവരി / ജനുവരി വരെ
ചുമതല: ഹിന്ദി അധ്യാപകർ
സാമ്പത്തിക പിന്തുണ: രക്ഷിതാക്കൾ, PTA

പൊതുവായ ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിവ് വികസിപ്പിക്കുക.
2. ഓരോ യൂണിറ്റിലും നിശ്ചയിച്ചിട്ടുള്ള പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികൾ കൈവരിച്ചതായി ഉറപ്പാക്കുക.
3. ഹിന്ദി ഭാഷ പഠനം ലളിതവും, രസകരവും, ആകർഷകവുമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുക.
4. ഭാഷാപാഠങ്ങൾ വഴി കുട്ടികളിൽ ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തുക.
5. ദിനശേഷിക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ഒരുക്കി കുട്ടികളുടെ മുഴുവൻ ഭാഗഭാഗിത്വം ഉറപ്പാക്കുക.

Class 8

ലക്ഷ്യങ്ങൾ
1. അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയാൻ പരിശീലനം നൽകുക.
2. അക്ഷരങ്ങൾ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
3. ആഴ്ചയുടെ പേരുകൾ, സംഖ്യകൾ തുടങ്ങിയ അടിസ്ഥാന അറിവുകൾ നൽകുക.
4. ഹിന്ദി അനായാസം വായിക്കാനും എഴുതാനും പ്രാവീണ്യം നേടാൻ സഹായിക്കുക.
5. കാർട്ടൂൺ, ചിത്രകഥകൾ വായിച്ചശേഷം തങ്ങളുടെ ഭാഷയിൽ ആശയം അവതരിപ്പിക്കാനുള്ള കഴിവ് വളർത്തുക.

പ്രവർത്തനങ്ങൾ

- അക്ഷരമാല കാർഡുകൾ വിതരണം ചെയ്ത് ശബ്ദമായി വായന നടത്തിക്കുക.
- കേട്ടെഴുത്ത്, പദസൂര്യൻ, പ്രസ്നോത്തരി തുടങ്ങിയ ഭാഷാ കളികൾ നടത്തുക.
- ചിത്രകഥ, കാർട്ടൂൺ തുടങ്ങിയ രസകരമായ വായനാമാറ്റീരിയൽ നൽകുക.

- വർക്ക്ഷീറ്റുകൾ വിതരണം ചെയ്ത് പുനരാവർത്തനവും സ്വയംപരിശീലനവും നടത്തുക.

Class 9
ലക്ഷ്യങ്ങൾ

1. വായനയും എഴുത്തും പിന്നോക്കം നിൽക്കുന്ന കുട്ടികളെ തിരിച്ചറിയിച്ച് അധിക പരിശീലനം നൽകുക.
2. സർവ്വനാമം, വിശേഷണം തുടങ്ങിയ വ്യാകരണ ഘടകങ്ങൾ മനസ്സിലാക്കുക.
3. പോസ്റ്റർ തയ്യാറാക്കൽ, കവിത വായനയും ആസ്വാദനവും എന്നീ രംഗങ്ങളിൽ പഠനം ആഴത്തിലാക്കുക.

പ്രവർത്തനങ്ങൾ

- വ്യാകരണ ചാർട്ടുകൾ നൽകുക; അതിൽ നിന്ന് സർവ്വനാമം, വിശേഷണം തിരിച്ചറിയാൻ പഠിപ്പിക്കുക.
- പോസ്റ്ററിന്റെ മാതൃകകൾ കാണിച്ച് വിവിധ വിഷയങ്ങളിൽ സ്വന്തമായ പോസ്റ്റർ തയ്യാറാക്കാൻ നിർദ്ദേശിക്കുക.
- ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കാനും ക്ലാസിൽ അവതരിപ്പിക്കാനും കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- ക്ലാസ്റൂം പ്രദർശനവും മൂല്യനിർണയവുമുണ്ടാക്കുക.

Class 10

ലക്ഷ്യങ്ങൾ

1. ഭാഷാപ്രാവീണ്യവികസനം ലക്ഷ്യമാക്കി വിവിധതരം എഴുത്ത്-വായനാ പ്രവർത്തനങ്ങൾ നടത്തുക.
2. ഹിന്ദി കലോത്സവം മെച്ചമായ രീതിയിൽ ആസൂത്രണം ചെയ്യുക.
3. ആശയങ്ങൾ വിവിധ രൂപങ്ങളിൽ ആവിഷ്കരിക്കാനും, കഥയെ തിരക്കഥയാക്കാനും, ഡയറി എഴുതാനും, സ്വഭാവവിശേഷതകളിൽ കുറിപ്പുകൾ തയ്യാറാക്കാനും കുട്ടികളെ പരിശീലിപ്പിക്കുക.

പ്രവർത്തനങ്ങൾ

- പദ്യം ചൊല്ലൽ, കഥ, കവിത തുടങ്ങിയവയിൽ ആശയാവിഷ്കാര മത്സരങ്ങൾ നടത്തുക.
- കഥാപാത്രത്തെ അടിസ്ഥാനമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കാൻ ഉപദേശിക്കുക.
- എല്ലാ ദിവസവും ഡയറി എഴുതാനുള്ള പ്രോത്സാഹനം നൽകുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (ENGLISH)

**Goals:**

1. Improve English language skills: The first goal is to improve English language skills, with a focus on achieving proficiency.
2. Create opportunities for English language expressions: The second goal is to create opportunities for English language expressions, which could include writing, speaking, or other forms of communication.
3. Promote free writing and reading: The third goal is to promote free writing and reading, with an emphasis on developing writing skills and a love for reading.
4. Dramatization: The fourth goal is related to dramatization, which could include acting, theatre, or other forms of performance.
5. Enables poetry recitation and poetry composition.
6. Utilize technical skills for English language development.
7. Organize dialogue sessions.

**Activities:**

1. Spoken English Class
2. English Library
3. English Corner Story Time
4. English Cartoon (exhibition)
5. English Assembly
6. Cinema & Documentary - Profile & Script preparation for English Cinema
7. Role play, English Day celebration, Seminar discussion, English poetry recitation, Quiz competition, Video making
8. School English Voice, Alphabet cards, Word cards, Sentence construction cards
9. Debate, Essay writing, Public Speaking, Simply Games, English letter writing, News reading competitions
10. English Assembly, Skit, Puppet Show, English Lab

**Additional Information:**
- The activities are designed to improve English language skills, including speaking, writing, reading, and listening.
- Some activities, such as role-playing and debates, are designed to promote critical thinking and communication skills.
- The list also includes creative activities, such as puppet shows and video making, to engage students and make learning.
- Opportunity to make English audio cakes.
- Conducting poetry recitation, debate and other events. Arranging horse riding.
- Exchange of ideas and dialogue opportunities with renowned poets.
- Book Reviews Magazine display (Magazine)
- Conducting renowned writers, reporters, and video conferences with eminent personalities from various fields.
- Opportunity to attend English fest and English film.
- Arranging opportunities to interact with native speakers and conduct dialogues.
- Conducting video conferences with renowned English writers and poets who are alive.
- Time Specifies
- Class operations
- Vacation, holidays
- Vacation (Onam, Christmas)
- One in an academic year
- Saturdays(without regular classes)

**Responsibilities:**
PTA,SRG, Teachers
English Club
These groups seem to involve various combinations of Parent-Teacher Association (PTA), Subject Resource Group (SRG), teachers, and an English club. The context suggests these might be roles or teams within a school.

Economic Analysis
PTA, Management | English Club and Guardians

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (CHEMISTRY)

ലക്ഷ്യം

1)അത്ഭുത കണ്ണിലൂടെ:
കൗതുകം,ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക
2) ശാസ്ത്ര ലോകത്തേക്ക്:
നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു
3) ഹൈടെക് വേൾഡ്: മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക
4) ആയൂർ രേഖ :
പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
5) വൈജ്ഞാനിക ബഹിർ സ്ഫുരണം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ

പ്രവർത്തനങ്ങൾ

1) ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തു കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു
പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം
ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്തു മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു
2) ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു
വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു
ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു
3) ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ശാസ്ത്ര മാസിക പ്രസിദ്ധീകരണം സയൻസ് ലാബ് ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു
4)കുട്ടികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുന്നു
5) തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ.

സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്
പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടത്തലുകളും പരിചയപ്പെടുന്നു
സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്റ്റ് മുതലായവയിൽ പങ്കെടുക്കുന്നു ശാസ്ത്രകാരന്മാരുമായി സംവദിക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (PHYSICS)

1. ലക്ഷ്യം:
പാഠമായ ആശയധാരണ നേടുക

പ്രവൃത്തികൾ:
പ്രീ-ടെസ്റ്റ് നടത്തി വിദ്യാർത്ഥികളുടെ നിലവാരം വിലയിരുത്തൽ
ആശയഭിത്തികമായ ക്ലാസുകൾ, ചോദ്യോത്തരങ്ങൾ, സംശയനിവാരണ സെഷനുകൾ
ടെർമിന് ശേഷം പോസ്റ്റ് ടെസ്റ്റ്

2. ലക്ഷ്യം:
പ്രായോഗികപരിചയം കൂടുതൽ students-ൽ വളർത്തുക

പ്രവൃത്തികൾ:
- ലാബ് ആക്ടിവിറ്റികൾ സ്ഥിരമായി നൽകുക
- ലഘു പരീക്ഷണങ്ങൾ ക്ലാസിൽ തന്നെ അവതരിപ്പിക്കുക
- "Do and Learn" പ്രവർത്തനങ്ങൾ

3. ലക്ഷ്യം:
Physics concepts നിത്യജീവിതവുമായി ബന്ധിപ്പിക്കൽ

പ്രവൃത്തികൾ:
- Field Visit (Electric Substation, Planetarium, Weather Station മുതലായവ)
- Real-life gadget explanation sessions
- Project-works: Simple machines, optics models, etc.

4. ലക്ഷ്യം:
ഗവേഷണാത്മക സമീപനം വളർത്തുക

പ്രവൃത്തികൾ:
- വിദ്യാർത്ഥികൾക്ക് physics-based projects നിർദ്ദേശിക്കുക
- School-level exhibition, science congress-ൽ പങ്കെടുപ്പ്
- "Investigatory Experiments" ചെയ്തുകൊണ്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക
-

5. ലക്ഷ്യം:
സംഘപാഠനത്തിലൂടെ Physics ശാസ്ത്രതത്വങ്ങൾ അനായാസം ഗ്രഹിക്കാനാകണം

പ്രവൃത്തികൾ:

- ഗ്രൂപ്പ് ആക്ടിവിറ്റികൾ
- മൈക്രോ ടീച്ചിങ് - വിദ്യാർത്ഥികൾക്ക് concepts explained by peers
- Discussion Forum: One concept - multiple views

6. ലക്ഷ്യം:
Physics ക്ലബ്ബ് വഴി കുട്ടികളുടെ രചനാപ്രതിഭയും അവതരണശേഷിയും വളർത്തുക

പ്രവൃത്തികൾ:

- ക്വിസ് മത്സരങ്ങൾ
- സിമ്പിൾ മോഡൽ നിർമ്മാണം
- Science newsletter/ചുമർപത്രിക പ്രസിദ്ധീകരണം

7. ലക്ഷ്യം:
Physics-related മത്സരങ്ങളിൽ പങ്കെടുപ്പിലൂടെ പ്രാവീണ്യം തെളിയിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക

പ്രവൃത്തികൾ:

District/State level Physics Olympiad പരിശീലനം

- Online tests & mock drills
- Previous year question paper discussions

8. ലക്ഷ്യം:
രക്ഷിതാക്കളെ Physics പഠനത്തിൽ പങ്കാളികളാക്കുക

പ്രവൃത്തികൾ:
ക്ലാസ് PTA-യിൽ physics performance updates
Physics learning at home - awareness sessions

Exhibition-ൽ രക്ഷിതാക്കളെ ക്ഷണിക്കുക

കാലാവധി:
ജൂൺ മുതൽ മാർച്ച് വരെ (പ്രവൃത്തിയുടെ സ്വഭാവം അനുസരിച്ച്: മാസത്തിൽ/ടേമിൽ/വർഷത്തിൽ ഒരിക്കൽ)

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (MATHEMATICS)

1. ലക്ഷ്യം:
ആശയധാരണ കൈവരിക്കൽ

പ്രവൃത്തികൾ:
പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരമുള്ള ലിസ്റ്റ് തയ്യാറാക്കൽ
Maths Clinic പ്രവർത്തനം വഴി അസംജസമുള്ള കുട്ടികൾക്ക് പിന്തുണ

2. ലക്ഷ്യം:
നിർമ്മിതികളിലെ കഴിവ് വികസിപ്പിക്കൽ
പ്രവൃത്തികൾ:

ജ്യാമിതീയ പെട്ടികളുടെ ലഭ്യത ഉറപ്പാക്കുക
ശില്പശാലകൾ (workshops) സംഘടിപ്പിക്കുക

3. ലക്ഷ്യം:
ഗണിതം നിത്യജീവിതവുമായി ബന്ധിപ്പിക്കൽ

പ്രവൃത്തികൾ:
ഉപയോഗപ്രദമായ Field Trip-കൾ സംഘടിപ്പിക്കുക
സാധാരണ ജീവിതത്തിലെ ഗണിതസംഭവങ്ങൾ kids-നെ കാണാൻ
അവസരം ഒരുക്കുക

4. ലക്ഷ്യം:
ഗണിത ആശയങ്ങളിൽ നിന്നും ഉദ്ഭവിക്കുന്ന രൂപങ്ങൾ, അളവുകൾ
എന്നിവ പരിചയപ്പെടുത്തൽ

പ്രവൃത്തികൾ:
ശില്പശാലകളുടെ നടത്തിപ്പ്
ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ ഉന്നതമാക്കൽ

5. ലക്ഷ്യം:
സംഘബോധം വളർത്തുക

പ്രവൃത്തികൾ:
ഗ്രൂപ്പ് സ്റ്റഡി, സഹപാഠികൾ തമ്മിലുള്ള പരിചയ പ്രവർത്തനം
പ്രവർത്തനപരമായ ടീമുകളിൽ ഉൾപ്പെടുത്തൽ

6. ലക്ഷ്യം:
അടിസ്ഥാനശക്തി ഉറപ്പുവരുത്തൽ

പ്രവൃത്തികൾ:
ക്ലാസുകളിലെ തുടർ പഠനം ഉറപ്പാക്കുക
വിഷയ സമിതിയുടെ ഇടപെടൽ, ചർച്ചകൾ, പാഠസംവേദന, ചേർന്ന പഠനം

7. ലക്ഷ്യം:

വിഷയത്തിൽ കൂടുതൽ കുട്ടികളെ ആകർഷിക്കുക
പ്രവൃത്തികൾ:

കുട്ടികളും സമീപത്തെ അധ്യാപകരുമടങ്ങുന്ന കൺസോർഷ്യം
Saturday sessions, Holiday classes

8. ലക്ഷ്യം:
മത്സരപ്രവർത്തനങ്ങളിൽ ഊർജ്ജം നൽകുക

പ്രവൃത്തികൾ:
ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുക
കുട്ടികളെ intra/inter-school മത്സരങ്ങൾക്കായി പ്രാപ്തരാക്കുക

9. ലക്ഷ്യം:
ഗണിത ലാബ് വികസനം

പ്രവൃത്തികൾ:
ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുക

Maths Lab ഉപയോഗം കുട്ടികൾക്ക് പരിചയപ്പെടുത്തൽ

10. ലക്ഷ്യം:
രക്ഷിതാക്കളെ ഗണിതവിഷയത്തിൽ ബോധവൽക്കരിക്കൽ

പ്രവൃത്തികൾ:

- മാസത്തിൽ ഒറ്റപ്പെട്ട PTA മീറ്റിങ്ങുകൾ
- കുട്ടികളുടെ പുരോഗതി, വിഷയത്തിലെ സമീപനം തുടങ്ങിയവ രക്ഷിതാക്കൾക്കു വിശദമാക്കുക

കാലാവധി:
ജൂൺ മുതൽ മാർച്ച് വരെ - തുടർച്ചയായ പ്രവർത്തനം (പ്രവർത്തനങ്ങൾ അനുസരിച്ച് മാസത്തിൽ, ടേമിൽ, വർഷത്തിൽ ഒരിക്കൽ എന്നിങ്ങനെ വിഭജിക്കാം)

സാമ്പത്തിക സഹായം:
ടീച്ചേഴ്സ് ഗ്രാൻറ്
PTA
ക്ലബ്ബ് ഫണ്ടുകൾ
അധ്യാപകസംഘം

ചുമതല:
ഗണിതവിഷയ അധ്യാപകർ
ഗണിത ക്ലബ്ബ്
വിഷയസമിതികൾ
HM, PTA പ്രതിനിധികൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (MALAYALAM)

## 1. ലക്ഷ്യം:

കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക

പ്രവർത്തനങ്ങൾ:

- പ്രീ-ടെസ്റ്റ് നടത്തി ഭാഷാ നിലവാരം മനസ്സിലാക്കുക
- അക്ഷരവും ചിഹ്നവും തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ
- അക്ഷര കാർഡുകൾ, വാക്കുകൾ എഴുതിയ കാർഡുകൾ വിതരണം ചെയ്യുക
- വാക്കുകളും വാക്യങ്ങളും നിർമ്മിക്കാൻ പ്രവർത്തനം
- ചിത്രത്തിനനുസരിച്ച് അടിക്കുറിപ്പുകളും കഥ എഴുത്തും
- ഭാഷാപരമായി പിന്നിലായ കുട്ടികൾക്കായി പ്രത്യേക ക്ലാസുകൾ നടത്തുക

2. ലക്ഷ്യം:

കുട്ടിയെ മികച്ച വായനക്കാരനായി വളർത്തുക

പ്രവൃത്തികൾ:

- ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ
- സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ ഉപയോഗിച്ച് വായന പരിചയപ്പെടുത്തൽ
- വായനോത്സവം, പത്രവായന, ആനുകാലിക വായന തുടങ്ങിയവ
- വായനാനുഭവം, വായനാക്കുറിപ്പ്, ദിനാചരണങ്ങൾ എന്നിവ

3. ലക്ഷ്യം:

കുട്ടിയെ മികച്ച എഴുത്തുകാരനായി ആക്കുക

പ്രവൃത്തികൾ:

- എഴുത്തുകൂട്ടം രൂപീകരിക്കുക
- വായനാക്കുറിപ്പ് തയ്യാറാക്കൽ, വ്യക്തിഗത രചനകൾ
- വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ
- ചുമർപത്രിക, ഭാഷാപ്രോജക്ട്, അഭിമുഖ രേഖപ്പെടുത്തൽ
- കുട്ടികളുടെ രചനകൾ സമാഹരിച്ചു പുസ്തക രൂപത്തിൽ തയ്യാറാക്കുക

4. ലക്ഷ്യം:

കുട്ടിയെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക

പ്രവൃത്തികൾ:

- പ്രസംഗ പരിശീലന ശിബിരം
- വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ
- മികച്ച പ്രസംഗങ്ങളുടെ ഓഡിയോ/വീഡിയോ കാണിക്കൽ
- ക്ലാസ്സിൽ പ്രസംഗ വേദികൾ ഒരുക്കൽ
- വിദ്യാലയ, പൊതു വേദികളിൽ പ്രസംഗം നടത്താൻ അവസരമൊരുക്കൽ

# UP SECTION

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (MALAYALAM)

**ലക്ഷ്യങ്ങൾ**

1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരികൾ
2 വായനശേഷി വളർത്താം
3 ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കൾ
4 പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വളർത്തുന്നു
5 സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോട് ഉള്ള അനുകൂല മനോഭാവം വളർത്തുക
6 കുട്ടികളുടെ കലാവാസനകളെ പരിപോഷിക്കൽ

**പ്രവർത്തനം**

1 ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ
2 ക്ലാസ്സ് വായനക്കൂട്ടം ക്ലാസ്സ് ലൈബ്രറി പുസ്തകപരിചയം ആസ്വാദനക്കുറിപ്പ്
3 എൻറെ അവധിക്കാലം കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കഥ കവിത യാത്രാനുഭവം അനുഭവക്കുറിപ്പ് വിവരണം അവതരിപ്പിക്കൽ
4.പത്രമാസികൾ പതിപ്പുകൾ എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു
5.പത്രവാർത്ത ക്വിസ്: സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുടെ ജീവചരിത്രക്കുറിപ്പ് അഭിമുഖ സംഭാഷണം ശില്പശാല സംഘടിപ്പിക്കാൻ
6.രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച ലഘു നാടകങ്ങൾ എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം കലാകാരന്മാരെ പങ്കെടുപ്പിച്ച് ശില്പശാല

**ചുമതല**

ക്ലാസ് ടീച്ചർ മലയാളം അധ്യാപകർ എസ് ആർ ജി

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (HINDI)

1.UP നിലവിലുള്ള കുട്ടികളുടെ ഹിന്ദി അടിസ്ഥാന ശേഷി, പ്രാവീണ്യം, സ്വയംവിശ്വാസം - ഉയർത്തൽ

പ്രവർത്തനങ്ങൾ:

- ക്ലാസിലെ കുട്ടികളുടെ നിലവിലെ കഴിവ് നിരീക്ഷിക്കുക, സംഭാഷണം നടത്തുക, ചോദ്യോത്തരങ്ങൾ സംഘടിപ്പിക്കുക.
- ക്ലാസ് തലത്തിൽ പഠന സംഭാഷണങ്ങൾ സംഘടിപ്പിക്കുക.
- വാചകങ്ങൾ വായിപ്പിക്കുക.
- ഹൈസ്കൂൾ നിലവാരത്തിലുള്ള കുട്ടികളെ കണ്ടെത്തി പ്രീ-ടെസ്റ്റ് നടത്തുക.
- മൂല്യനിർണ്ണയം നടത്തുക.

അവധി കാലം: ജൂൺ മുതൽ ആഗസ്റ്റ് വരെ

ഹിന്ദി അധ്യാപകർ നേതൃത്വം നൽകും.

സഹകരണ സംഘം: BRC, DIET, SCERT, റിസോഴ്സ് ടീച്ചർ

2.വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുക).

പ്രവർത്തനങ്ങൾ:

- വിദ്യാർത്ഥിയുടെ പഠന സാഹചര്യങ്ങളെ കുറിച്ചുള്ള വീടൊരമൊഴി ശേഖരണം.
- പഠന ആവശ്യങ്ങൾ തിരിച്ചറിയൽ.
- ICT ഉപകരണങ്ങൾ ഉപയോഗിച്ച് ക്ലാസിന്റെ ഗുണനിലവാരം ഉറപ്പാക്കൽ.

അവധി കാലം: സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ

ഹിന്ദി അധ്യാപകർ നേതൃത്വം നൽകും.

സഹകരണ സംഘം:  PTA, BRC, റിസോഴ്സ് ടീച്ചർ

Activity:

- ഹിന്ദി ഭാഷയിൽ അടിസ്ഥാനശേഷി, വായന, എഴുത്ത്, സംസാര കഴിവുകൾ വർദ്ധിപ്പിക്കുക.
- വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വളർത്തുക.
- പഠന വീഴ്ച ഒഴിവാക്കി ഉൾക്കൊള്ളലും സമഗ്രവിദ്യാഭ്യാസവും ഉറപ്പാക്കുക.

  ഹിന്ദി അസംബ്ലി
- ദിനാചരണങ്ങൾ പ്രത്യേകിച്ച് സെപ്റ്റംബർ 14 ജനുവരി 10
- ക്ലാസ് ലൈബ്രറി ലൈബ്രറി
- അധിക വായന സൗകര്യം
- സഹായത്തോടെ •ചിത്രത്തിന്റെ സഹായത്തോടെ ചിത്രകഥ തയ്യാറാക്കാൻ.
- ചിത്രം കഥപറയൽ
- ചിത്രം കഥയെ
- വായന മൂല
- ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (SANSKRIT)

**ലക്ഷ്യം**

1 ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം .
യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ.
2 വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക)
3 വായനാലോകം (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരണം)
4 കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷ പഠന നേട്ടങ്ങൾ
5 മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ
6 ആസ്വാദനലോകം
ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാ നിവാരണം ചെയ്യുവാനും വേണ്ടി.
7 പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉള്ള പ്രവർത്തനങ്ങൾ
8 ക്ലാസ് റൂം ആകർഷകം ആക്കുന്നതിന്.

**പ്രവർത്തനങ്ങൾ**

1 ഭാഷാജ്ഞാനം
- *അക്ഷരം എഴുത്ത്
- *ചിഹ്നം ഉറപ്പിക്കൽ
- *അക്ഷര കാർഡ്
- *വാക്കുകൾ എഴുതിയ കാർഡ്
- *ക്ലാസ്സിൽ അക്ഷരമാല പ്രദർശനം
- *അക്ഷരമാല കളികൾ

2 പറയാം പഠിക്കാം
- *ചിത്രങ്ങളുടെ പേര് പറയൽ
- *ചിത്രകഥകൾ
- *നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ
- *വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക
- *ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം
- *ഓരോ സംസ്കൃതം പീരിഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻ്റെ പേജ് ഉറക്കെ വായിക്കുക.
- *ക്ലബ്ബ് രൂപീകരണം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (ENGLISH)

AIM
I. To listen and speak English Fluently

ACTIVITIES
1. Lend your ear- play small podcast and ask the students to listen and give answers to small comprehensive (July)
2. Follow me if you can ask students to respond and act decording to English instructions. (June)

3. English short film - show a short film and ask the students to listen and understand proper pronunciations.
(November)

4. Treasure hunt - hide objects in different places and give hints in English and let the students find them and describe the object to their friends in English language. (September)

5. Read aloud - give small story cuttings and ask the student to read them aloud.(August)

6. Meet a foreigner- give chance for the students to meet a foreigner whose mother tongue is English (Once in an year)

7. One man show - give a topic and make student to speak on that topic.
(October)

II. Creative reading practice
ACTIVITIES
1. I too can - give reading cards to the students and ask them to read it (easy to difficuilt cards). (July)

2. Guess what - while reading a story, pause at an exciting part and ask students to predict what happens next.
(September)

3. Rhyming game - give students poem and ask them to list out the rhyming word from them. (Once in a term)

4. Reader of the month - make students read English newspaper and appreciate the reader of the month.
(Every month)

III. To write English properly
ACTIVITIES
1. My droplets - create a magazine and mini dictionary by the students.(End of the year)
2. Alert zone -publish posters, notices, poems etc in the notice board within the class and outside.(Daily)
3. Run baby run- divide the class in group and show. a chart once and ask them to copy the word in the chart to the board. The team who finish first is the winner. (February)
4. Fun time funda- present puzzles, riddles, joke etc in class (English period)

IV. To build confidence in English language
ACTIVITIES
1. The grand camp - conduct a grand camp including students, parents and teachers for 5,6,7 classes. Give chances for different programmes conducted in English.
5th standard - story telling, story writing
6th standard - roleplay, drama
7th standard -poem, extempore

Film show or documentary can be shown by the end. of the camp (End of the year)
Incharge : English teachers, PTA members and parents

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (SCIENCE)

ലക്ഷ്യം

1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.

പ്രവർത്തനങ്ങൾ

പരീക്ഷണക്കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.

പ്രവർത്തനം:-

കണ്ടറിയാനൊരു യാത്ര

കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ.

കാലം :- ജൂലൈ

ലക്ഷ്യം

2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ

എക്സ്പ്ലോ -എക്സ്പ്ലോർ

ആധുനിക ശാസ്ത്ര ലോകത്തിൻ്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.

കാലം:- അക്കാദമിക വർഷം

പ്രവർത്തനം

ശാസ്ത്ര വിസ്മയ ചുമർ:-

ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.

കാലം:- അക്കാദമിക വർഷം
യുറേക്കാ:-കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി .

കാലം:-അക്കാദമിക വർഷം
ചുമതല:- ശാസ്ത്ര അധ്യാപകർ
സാമ്പത്തിക വിശകലനം:- സയൻസ് ക്ലബ്ബ്

ലക്ഷ്യം
3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.
പ്രവർത്തനങ്ങൾ
വിസ്മയാത്ര:-ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.പുതിയ കണ്ടെത്തലുകൾ,ശാസ്ത്ര സത്യങ്ങൾ,ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം.

ലക്ഷ്യം
4. പരിസ്ഥിതി സംരക്ഷണ കാഴ്ചപ്പാട് വികസിപ്പിക്കുന്നതിന്.
പ്രവർത്തനങ്ങൾ:- പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത,വിവിധ മലിനീകരണ നിയന്ത്രണ മാർഗങ്ങൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

കാലം:- അക്കാദമിക വർഷം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (MATHEMATICS)

AIM

I. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു

ACTIVITIES

ഗണിതക്രിയകൾ, കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു (June)

II. രസകരമായ ഗണിതശാസ്ത്ര പഠനവും, കരചലന ശേഷികളുടെ വികാസവും

ACTIVITIES

ജാഷനീസ് കലയായ ഒറിഗാമിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽക്കൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ , പ്രദർശനം സംഘടിപ്പിക്കൽ. ( വർഷത്തിൽ ഒരു പ്രാവശ്യം )

III. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ

ACTIVITIES

കുട്ടികൾ താൽപര്യങ്ങൾക്ക് അനുസരിച്ച് ചാർട്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ( ആവശ്യാനുസരണം)

Incharge : ഗണിത അധ്യാപകരും ക്ലബ്ബിലെ അംഗങ്ങളും

IV. ഗണിതം മധുരമാക്കൽ

ACTIVITIES

ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത ക്ലാസ് നടത്തൽ ( ആവശ്യാനുസരണം)

V. ആധുനികശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു

ACTIVITIES

ജാമിതീയ രൂപങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു ( മാസത്തിൽ ഒരിക്കൽ )

VI. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു
ACTIVITIES
ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. ( ആഴ്ചയിൽ ഒരു പിരീഡ്)

Incharge: ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും

VII. വിവിധ ശേഷികളുടെ വികസനം
ACTIVITIES
ജൂൺ മുതൽ ആർക്കു വരെ ദിനാചരങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. ( ആവശ്യാനുസരണം )

Incharge: SRG

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (SOCIAL SCIENCE)

ലക്ഷ്യം
1. വിവിധ ശേഷികളുടെ വികസനം

പ്രവർത്തനങ്ങൾ
ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ ചർച്ചചെയ്ത് നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.

കാലയളവ്:- അക്കാദമിക വർഷം
ചുമതല:-സാമൂഹ്യ ശാസ്ത്ര അധ്യാപകർ

ലക്ഷ്യം
2. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ,ആശയങ്ങൾ,ഇവ പരിശോധിക്കൽ,നേടിയെടുക്കൽ

പ്രവർത്തനങ്ങൾ
സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധ്യാപകരും മുൻനിരയിലുള്ള കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു.പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

കാലയളവ്:- അക്കാദമിക വർഷാരംഭം.

ലക്ഷ്യം
3. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ( Jct സാധ്യത) സോഷ്യൽ സയൻസ് പഠനത്തിനായി ഉപയോഗിക്കുന്നു.

പ്രവർത്തനങ്ങൾ
ഐസിടി സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെയും ചരിത്ര സ്മാരകങ്ങളുടെയും വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു.

ലക്ഷ്യം
4. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക.

പ്രവർത്തനങ്ങൾ
ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

ലക്ഷ്യം
5. സഹജീവികളോട് സമഭാവന വളർത്തി എടുക്കുവാൻ സഹായിക്കുന്നു.

പ്രവർത്തനങ്ങൾ
പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ,ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വ്യക്തികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.

ലക്ഷ്യം:- ഭൂപട വായന കുട്ടികളിൽ വളർത്തുക, തലനിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക.
പ്രവർത്തനങ്ങൾ
അറ്റ്ലസ് ,മാപ്പുകൾ ഗ്ലോബ് ,എന്നിവ പരിചിതമാക്കുക.

ലക്ഷ്യം
7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുന്നു.

പ്രവർത്തനങ്ങൾ
